(സി) ഏജൻസി വഴിയുള്ള 41,597 പേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. കൺസ്യൂമർ ഫെഡറേഷൻ നേരിട്ടു നൽകുന്ന നീതി ഗ്യാസ് കണക്ഷനുവേണ്ടി പണമടച്ച 31,833 പേർക്ക് ഏപ്രിൽ മാസത്തോടുകൂടി ഗ്യാസ് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉദിക്കുന്നില്ല.

നീതി സ്റ്റോറുകളിലൂടെയുള്ള എൽ.പി. ഗ്യാസിന്റെ വിതരണത്തിലെ തടസ്സം ഇല്ലാതാക്കാൻ നടപടി

149 (1816) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നീതി സ്റ്റോറുകളിലൂടെയുള്ള എൽ.പി. ഗ്യാസിന്റെ വിതരണം അടുത്ത കാലത്ത് തടസ്സപ്പെടുകയുണ്ടായോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) എൽ. പി. ഗ്യാസ് വിതരണത്തിലെ തടസ്സം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നീതിസ്റ്റോറുകൾ വഴിയുള്ള പാചക വാതക വിതരണം അടുത്ത കാലത്ത് കൃത്യമായി നടന്നിട്ടില്ല.

(ബി) പാചക ഗ്യാസിന്റെ അന്താരാഷ്ട്ര വിലയിൽ ഉണ്ടായിട്ടുള്ള വലിയ വർദ്ധനവിനെതുടർന്ന് ലഭ്യതയിൽ വന്ന കുറവുമൂലം ഗ്യാസ് വിതരണ ചുമതല നൽകിയിട്ടുള്ള രണ്ടു കമ്പനികൾ ഉപഭോക്താക്കൾക്ക് റീഫിൽ സിലിണ്ടറുകൾ എത്തിച്ചു കൊടുക്കുന്നതിൽ വീഴ്ച വരുത്തിയതാണ് കാരണം.

(സി) നീതിസ്റ്റോറുകൾ വഴിയുള്ള പാചക വാതക വിതരണത്തിന്റെ കരാർ നൽകിയിട്ടുള്ള രണ്ടു കമ്പനികൾക്ക് കരാർ വ്യവസ്ഥകൾ ചൂണ്ടികാണിച്ചുകൊണ്ട് കൺസ്യൂമർ ഫെഡറേഷൻ നടപടി സ്വീകരിക്കുകയും ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നൽകാൻ ബാക്കിയായ റീഫിൽ വിതരണം ചെയ്യുന്നതിനാവശ്യമായ പ്ലാൻ തയ്യാറാക്കുകയും അതുപ്രകാരം റീഫിൽ വിതരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

നീതിസ്റ്റോറുകളുടെ നഷ്ടം നികത്തുവാൻ എൻ. സി. ഡി. സി.യിൽ നിന്നും ധനസഹായം

150 (1817) ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) നീതിസ്റ്റോറുകളുടെ നഷ്ടം നികത്തുവാൻ എൻ. സി. ഡി. സി.യിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ധനസഹായം കിട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കിൽ എത്രയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) നീതിസ്റ്റോറുകളുടെ നഷ്ടം നികത്തുവാൻ എൻ. സി. ഡി.സി.യിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ നീതിസ്റ്റോറുകൾ

151 (1818) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നീതിസ്റ്റോറുകളിൽ എത്ര എണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു ;

(ബി) എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നു ;

(സി) കഴിഞ്ഞ വർഷത്തെ ലാഭം എത്ര ; നഷ്ടത്തിലാണെങ്കിൽ നഷ്ടം എത്ര ;

(ഡി) കഴിഞ്ഞ വർഷം ഏതെങ്കിലും നീതിസ്റ്റോറുകൾ അടച്ചുപൂട്ടിയിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണം ;

(ഇ) നീതിസ്റ്റോറുകളുടെ പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ എന്തൊക്കെ സഹായങ്ങൾ ചെയ്തു കൊടുക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) നീതിസ്റ്റോറുകൾ ലാഭവും നഷ്ടവും ഇല്ലാതെ പ്രവർത്തിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രവർത്തനത്തിനിടയിൽ ചെറിയ തോതിലുള്ള ലാഭമോ നഷ്ടമോ ഉണ്ടാവാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 364 സ്റ്റോറുകൾക്ക് ലാഭവും 515 സ്റ്റോറുകൾക്ക് നഷ്ടവും ഉള്ളതായി കണക്കാക്കപ്പെടുന്നു. കൃത്യമായ കണക്കുകൾ ബന്ധപ്പെട്ട സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്കേ ലഭ്യമാകൂ.

(ഡി) 55 എണ്ണം.

(ഇ) നീതിസ്റ്റോറുകളുടെ പ്രവർത്തനത്തിനായി സബ്സിഡി, ഓഹരി മൂലധനം, പലിശ രഹിതവായ്പ എന്നിവ സർക്കാരിൽ നിന്നും മാർജിൻ മണിയായി എൻ. സി. ഡി. സി. യിൽ നിന്നും ധനസഹായവും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly